പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2877

13-03-2018 ൽ മറുപടിക്ക്

## വിത്ത് വിതയ്ക്കുന്നതിനുള്ള യന്ത്രം

ചോദ്യം

ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിത്ത് വിതയ്ക്കുന്നതിനുള്ള യന്ത്രം സംസ്ഥാനത്തെ പാടശേഖരങ്ങളിൽ വിജയകരമായി പരീക്ഷിച്ചിട്ടുണ്ടോ; | (എ) | വിത്ത് വിതയന്ത്രം ചെറിയ പാടശേഖരങ്ങളിൽ നെൽകൃഷിക്ക് ഉപയോഗിച്ച് വരുന്നുണ്ട്. |
| (ബി) | ഈ യന്ത്രം മൂലമുള്ള പ്രയോജനം എന്താണ് ; വിത യന്ത്രത്തിന് സർക്കാർ തലത്തിൽ അംഗീകാരം നൽകിയിട്ടുണ്ടോ? | (ബി) | ഉണ്ട്. കൃത്യമായ അളവിലും അകലത്തിലും വിത്ത് വിതയ്ക്കുന്നതിന് ഇതുമൂലം സാധിക്കുന്നു. മാത്രവുമല്ല ഇപ്പോൾ സാധാരണ നിലയിൽ വിതക്കുമ്പോൾ വേണ്ടിവരുന്ന വിത്തിന്റെ അളവിൽ ഗണ്യമായ കുറവ് വിതയന്ത്രം വഴി വിതക്കുമ്പോൾ കർഷകർക്ക് ലഭിക്കുന്നുണ്ട്. കള പറിക്കുന്നതിനുള്ള സൗകര്യവും വളം ചേർക്കുന്നതിനുള്ള സൗകര്യവും ലഭിക്കുന്നത് മൂലം കർഷകർക്ക് വിളവ് അധികമായി ലഭിക്കുന്നു. കൃഷി വകുപ്പിന് കീഴിലുള്ള അഗ്രോ സർവ്വീസ് സെന്ററുകൾ വഴിയും, കാർഷിക കർമ്മ സേനകളിലും ഈ യന്ത്രം അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഈ യന്ത്രങ്ങൾക്ക് സബ്സിഡി നൽകി വരുന്നുണ്ട്.<br>സീഡ് ഡ്രിൽ, സീഡ് കം ഫെർട്ടിലൈസർ ഡ്രിൽ, ഡ്രം സീഡർ എന്നിവയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതി (സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ) സംസ്ഥാനത്തും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ